Reg. No. : ....................................

Name : ........................................

**SY 08**

**SAY/IMPROVEMENT**
**JUNE 2019**

Time : $2\frac{1}{2}$ Hours
Cool-off time : 15 Minutes

Part – II

# മലയാളം

## (MALAYALAM)

Maximum : 80 Scores

***വിദ്യാർത്ഥികൾക്കുള്ള പൊതുനിർദ്ദേശങ്ങൾ :***

- നിർദ്ദിഷ്ട സമയത്തിന് പുറമെ 15 മിനിറ്റ് 'കൂൾ ഓഫ് ടൈം' ഉണ്ടായിരിക്കും.
- 'കൂൾ ഓഫ് ടൈം' ചോദ്യങ്ങൾ പരിചയപ്പെടാനും ഉത്തരങ്ങൾ ആസൂത്രണം ചെയ്യാനും ഉപയോഗിക്കുക.
- ഉത്തരങ്ങൾ എഴുതുന്നതിന് മുമ്പ് ചോദ്യങ്ങൾ ശ്രദ്ധാപൂർവ്വം വായിക്കണം.
- നിർദ്ദേശങ്ങൾ മുഴുവനും ശ്രദ്ധാപൂർവ്വം വായിക്കണം.
- പ്രോഗ്രാമുകൾ ചെയ്യാനാകാത്ത കാൽക്കുലേറ്ററുകൾ ഒഴികെയുള്ള ഒരു ഇലക്ട്രോണിക് ഉപകരണവും പരീക്ഷാഹാളിൽ ഉപയോഗിക്കുവാൻ പാടില്ല.

**1 മുതൽ 7 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 6 എണ്ണത്തിന് ഒന്നോ രണ്ടോ വാക്യത്തിൽ ഉത്തരമെഴുതുക. (സ്കോർ 2 വീതം)** **(6 × 2 = 12)**

1. മലയാളം ക്ലാസ്സുകൾ പ്രചോദനാത്മകമായിരുന്നു, എന്ന് ഇ.സി.ജി. സുദർശനൻ പറയുന്നതിന്റെ കാരണങ്ങൾ തെരഞ്ഞെടുത്തെഴുതുക.
   - അധ്യാപകന്റെ വേഷത്തിലെ ലാളിത്യവും പ്രവൃത്തിയിലെ മാന്ത്രികതയും.
   - ക്ലാസ്മുറിയിൽ പാലിക്കപ്പെട്ട കർശനമായ അച്ചടക്കം.
   - അധ്യാപകൻ നൽകിയ ഗൃഹ പാഠങ്ങൾ.
   - കാര്യങ്ങളുടെ വ്യത്യസ്ത തലങ്ങളിലേക്കുള്ള അന്വേഷണം.

2. 'മാധ്യമങ്ങളിലെ പരസ്യങ്ങൾ' എന്നവിഷയത്തിൽ നടക്കുന്ന സംവാദത്തിൽ അവതരിപ്പിക്കുന്നതിന്, പരസ്യങ്ങളുടെ ഗുണവശങ്ങൾ വ്യക്തമാക്കുന്ന രണ്ട് സൂചനകൾ എഴുതുക.

3. താഴെപ്പറയുന്നവയിൽ നിന്നും കാക്കാരശ്ശി നാടകത്തിനു യോജിക്കുന്നവ തെരഞ്ഞെടുത്തെഴുതുക.

- സംഗീതം, സംഭാഷണം,നൃത്തം എന്നിവയുൾച്ചേർന്ന നാടോടി കലാരൂപം.
- സൂക്ഷ്മവും സങ്കേതബദ്ധവുമായ അഭിനയരീതി.
- ആക്ഷേപഹാസ്യത്തിനു പ്രാധാന്യം നൽകിയുള്ള അവതരണം.
- കഥാപാത്ര സ്വഭാവത്തിനനുസരിച്ച് പൊതുവായ ചില വേഷങ്ങൾ.

4. പരമ്പരാഗത മാധ്യമങ്ങളിൽ നിന്ന് സാമൂഹിക സമ്പർക്ക മാധ്യമങ്ങളെ വേറിട്ടു നിർത്തുന്ന സവിശേഷതകൾ കണ്ടെത്തി എഴുതുക.

- പല തട്ടുകളിൽ എഡിറ്റു ചെയ്യപ്പെടുന്നു
- നിയതമായ ഭാഷാരീതി പിന്തുടരുന്നു
- നിരന്തര സംവാദങ്ങൾക്കുള്ള സാധ്യത തുറക്കുന്നു
- സ്വതന്ത്രമായ ആവിഷ്ക്കാരങ്ങൾ നടത്താവുന്ന ഇടമായി മാറുന്നു.

5. ശ്രീനാരായണഗുരു ദൈവദശകത്തിൽ ആവിഷ്ക്കരിക്കുന്ന ദൈവസങ്കല്പത്തിനു യോജിക്കുന്നവ തെരഞ്ഞെടുത്തെഴുതുക.

- മനുഷ്യരുടെ തെറ്റുകൾക്കുമേൽ പ്രകൃതിക്ഷോഭങ്ങൾ പോലുള്ള ശിക്ഷകൾ നടപ്പാക്കുന്നു.
- സംസാരസാഗരം കടക്കുന്നതിനുള്ള യാത്രയിൽ നാവികനായി വർത്തിക്കുന്നു.
- അന്നവസ്ത്രാദികൾ മുടങ്ങാതെ നൽകുന്നു.
- എല്ലായ്പ്പോഴും അദൃശ്യനായി, അപ്രാപ്യനായി നിലകൊള്ളുന്നു.

6. ബദരികാശ്രമം പൗരാണിക സ്മരണകളുടെ ഒരു പൂങ്കാവനമാണെന്ന് വിശേഷിപ്പിക്കാൻ എസ്.കെ. പൊറ്റെക്കാടിനെ പ്രേരിപ്പിക്കുന്നതെന്തെല്ലാം ?

- അസിതമുനി തപസ്സനുഷ്ഠിച്ചിരുന്നുവെന്ന് വിശ്വസിക്കപ്പെടുന്നത് അവിടെയാണ്.
- വേദവ്യാസൻ വേദങ്ങൾ സഞ്ചയിച്ചതും പകുത്തതും അവിടെയുള്ള ഒരു ഗുഹയിൽ വച്ചാണ്.
- ഭൂഗർഭത്തിലൂടെ ഒഴുകിയെത്തുന്ന സരസ്വതി നദി ഗംഗയിൽ വിലയം പ്രാപിക്കുന്നത് അവിടെ വച്ചാണ്.
- ഗൗഡപാദന്റെ മാണ്ഡൂക്യകാരികക്ക് ശ്രീശങ്കരാചാര്യർ ഭാഷ്യമെഴുതിയത് അവിടെ വച്ചാണ്.

7. നല്ലതു വല്ലോം മോഷ്ടിച്ചാലുടനേ-അവനേ-വെറുതേ

കള്ളനാക്കും നിങ്ങടെ ചട്ടം

മാറ്റുക മാറ്റുക ചട്ടങ്ങളെയവ

മാറ്റും നിങ്ങളെയല്ലെങ്കിൽ (മോഷണം)

ഈ വരികളിൽ പ്രതിഫലിക്കുന്ന സാമൂഹ്യ വിമർശനപരമായ ആശയങ്ങൾ എന്തൊക്കെ? മാതൃകയോട് ഒരു സൂചന കൂട്ടിച്ചേർക്കുക.

മാതൃക : ചട്ടങ്ങൾ രൂപപ്പെടുത്തുന്നതിലെ ജനാധിപത്യ വിരുദ്ധത

**8 മുതൽ 14 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 6 എണ്ണത്തിന് അരപ്പുറത്തിൽ കവിയാതെ ഉത്തരമെഴുതുക. (സ്കോർ 4 വീതം)** **(6 × 4 = 24)**

8. 'യമുനോത്രിയുടെ ഊഷ്മളതയിൽ' എന്ന പാഠഭാഗത്തെ ആസ്പദമാക്കി, യാത്രാവിവരണങ്ങൾ മികവുറ്റതാക്കുന്ന ഘടകങ്ങളെക്കുറിച്ച് നാല് സൂചകങ്ങൾ തയ്യാറാക്കുക.

9. 'സ്വന്തം കവനശേഷി സാമൂഹിക പരിഷ്കരണത്തിന് ബോധപൂർവ്വം ഉപയോഗിച്ച വ്യക്തിയാണ് പുലിക്കോട്ടിൽ ഹൈദർ' – മാപ്പിളപ്പാട്ടിലെ കേരളീയത എന്ന പാഠഭാഗത്തെ മുൻനിർത്തി ഈ പ്രസ്താവനയുടെ സാധുത പരിശോധിക്കുക.

10. രാജസദസ്സിൽ വച്ച് ദുഷ്യന്തൻ ശകുന്തളയോടു പറയുന്ന വാക്കുകൾ ഔചിത്യപൂർണ്ണമാണോ ?

സ്വാഭിപ്രായക്കുറിപ്പെഴുതുക.

11. 'സാമൂഹിക മാധ്യമങ്ങൾ സാധാരണക്കാർക്ക് അപരിമിതമായ അവസരങ്ങൾ ഒരുക്കുന്ന ഒന്നാന്തരം ജനാധിപത്യ വേദി കൂടിയാണ്' – സമകാലിക സംഭവങ്ങളുടെ പശ്ചാത്തലത്തിൽ ഈ പ്രസ്താവനയുടെ സാധുത പരിശോധിക്കുക.

12. 'പ്രകാശം ജലം പോലെയാണ്' എന്ന കഥയിലെ അമ്മ കുട്ടികളെ ശരിയായി മനസ്സിലാക്കിയിട്ടുണ്ടോ ? കഥാസന്ദർഭങ്ങൾ പരിശോധിച്ച് ലഘു കുറിപ്പെഴുതുക.

13. കലാമണ്ഡലത്തിലെ പഠനകാലത്ത് ഹൈദരലി അനുഭവിച്ച സാമൂഹികമായ അവഗണനകൾ സൂചിപ്പിച്ച്, അവയോടുള്ള നിങ്ങളുടെ പ്രതികരണം ലഘുകുറിപ്പായി എഴുതുക.

14. 'ചിരിച്ചുചിരിച്ച് ചിരിയടക്കാനാവാതെ

കൊല്ലാങ്കണ്ടത്തിൽ ദേവസ്യ

ഒടുവിൽ ശ്വാസം മുട്ടി മരിച്ചു....' (തേങ്ങ)

ദേവസ്യയുടെ മരണം ഒരു ഹാസ്യാനുഭവമായി മാറുന്നതിന് കാരണം എന്താവാം. ലഘുക്കുറിപ്പായി എഴുതുക.

**15 മുതൽ 20 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 5 എണ്ണത്തിന് ഒരുപുറത്തിൽ കവിയാതെ ഉത്തരമെഴുതുക. (സ്കോർ 6 വീതം)**

**(5 × 6 = 30)**

15. 'നീറായ വനത്തിൻ നടുവിൽ നിൽപ്പൂ കാട്ടാളൻ'

'മഴനീരിനു മാനംനോക്കിയിരുന്നു കാട്ടാളൻ'

'കാട്ടാളൻ കരളിൽ നുറുങ്ങിയ നട്ടെല്ലു നിവർന്നെഴുന്നേറ്റു'

കാട്ടാളന്റെ വിവിധഭാവങ്ങൾ ആവിഷ്കരിക്കാൻ കടമ്മനിട്ട ഉപയോഗിക്കുന്ന ബിംബകല്പനകൾ എത്രത്തോളം ഉചിതമാണ് ? വിശകലനക്കുറിപ്പ് തയ്യാറാക്കുക.

16. 'കേശിനീ മൊഴി' യുടെ രംഗാവതരണത്തിനു മുന്നോടിയായി നടത്തുന്നതിന്, കഥകളിയുടെ സവിശേഷതകളും കേശിനിയെന്ന കഥാപാത്രത്തിന്റെ പ്രാധാന്യവും വ്യക്തമാക്കുന്ന പ്രഭാഷണം തയ്യാറാക്കുക.

17. അന്താരാഷ്ട്ര ക്രിക്കറ്റിൽ നിന്നുള്ള സച്ചിൻ ടെണ്ടുൽക്കറുടെ വിടവാങ്ങൽ രംഗം വൈകാരികത ചോർന്നു പോകാതെ ആവിഷ്കരിക്കുന്നതിൽ 'വാംഖഡെയുടെ ഹൃദയത്തുടിപ്പുകൾ' എന്ന ഫീച്ചർ വിജയിക്കുന്നുണ്ടോ ? വിശകലനക്കുറിപ്പ് തയ്യാറാക്കുക.

18. സാമൂഹിക മാധ്യമങ്ങളുടെ അമിതമായ ഉപയോഗം നിയന്ത്രിക്കേണ്ടതുണ്ടോ? കമ്പ്യൂട്ടർ ഉപയോഗിക്കുന്നതു വർധിച്ചപ്പോൾ 'കൈയൊപ്പില്ലാത്ത സന്ദേശ'ത്തിലെ ശ്രീധരനു വന്ന മാറ്റങ്ങളെ ആസ്പദമാക്കി ചർച്ച ചെയ്യുക.

19. 'കൊള്ളിവാക്കല്ലാതൊന്നും' എന്ന പാഠഭാഗത്ത് പ്രകടമാകുന്ന ഭാര്യാഭർത്തൃ ബന്ധം ആരോഗ്യ കരമാണോ ? പാഠ സന്ദർഭം അപഗ്രഥിച്ച് കുറിപ്പ് തയ്യാറാക്കുക.

സൂചനകൾ :

- സ്ത്രീയെ നിരന്തരം അവഗണിക്കുന്ന പുരുഷൻ
- പ്രശ്നങ്ങൾക്കു കാരണം സ്വന്തം ജാതക ദോഷമെന്നു കരുതുന്ന സ്ത്രീ.

20. 'ശൗളിജന്മം' എന്ന കഥയിലെ സാമൂഹ്യ വിമർശനത്തിന്റെ വ്യത്യസ്തതലങ്ങളെക്കുറിച്ച് ലഘൂപന്യാസം തയ്യാറാക്കുക.

**ഗദ്യഭാഗം വായിച്ച് 21 മുതൽ 23 വരെ ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക. (2 സ്കോർ വീതം)**

**(സ്കോർ 3 × 2 = 6)**

പ്രശസ്ത മാധ്യമ പണ്ഡിതനും ചരിത്രകാരനുമായ റോബിൻ ജെഫ്രിയുടെ അഭിപ്രായത്തിൽ ചെരുപ്പിന്റെ കണ്ടുപിടിത്തത്തിനുശേഷം മനുഷ്യർ തമ്മിലുള്ള അകലങ്ങളെയും വിനിമയത്തെയും അതുവഴി പൊതുജീവിതത്തെയും വിപ്ലവകരമായ രീതിയിൽ മാറ്റിമറിച്ച കണ്ടുപിടിത്തമാണ് മൊബൈൽ ഫോണിന്റേത്. ഇത്രയാഴത്തിലും പരപ്പിലും വേഗത്തിലും സമൂഹത്തിലെ സകല തട്ടുകളിലേക്കും പടരുകയും വ്യവഹാരങ്ങളെയാകെ രൂപപ്പെടുത്തുകയും ചെയ്ത മറ്റൊരു ഉപകരണമില്ല. അതിനു മുമ്പു വന്ന റേഡിയോ, ടെലിഗ്രാഫ്, ഭൂതലഫോൺ, ടെലിവിഷൻ തുടങ്ങിയ ഉപകരണങ്ങളെല്ലാം തന്നെ വിവര വിശ്ലേഷണ രംഗത്ത് വിപ്ലവം സൃഷ്ടിച്ചപ്പോഴും ഭരണകൂടം, വൻ കോർപ്പറേറ്റ് സ്ഥാപനങ്ങൾ തുടങ്ങിയവ ആയിരുന്നു അതിന്റെ ഉടമസ്ഥരും പ്രയോക്താക്കളും. വമ്പിച്ച മുതൽ മുടക്കും സാങ്കേതികജ്ഞാനവും വേണ്ടിയിരുന്നതും കേന്ദ്രീകൃതമായി മാത്രം പ്രവർത്തിക്കുന്നതുമായ വിനിമയ പ്രയോഗങ്ങളായിരുന്നു അവ. അതുകൊണ്ടു തന്നെ അവക്ക് കേന്ദ്രീകൃതമായ നിയന്ത്രണവും അനിവാര്യമായിരുന്നു. ഇന്ത്യയിൽ ഒരു വീട്ടിൽ റേഡിയോ കൈവശം വെക്കാൻ ലൈസൻസ് വേണ്ടിയിരുന്ന കാലം കഴിഞ്ഞിട്ട് നാലു പതിറ്റാണ്ടുകളേ ആയിട്ടുള്ളൂ. കാൽ നൂറ്റാണ്ടു മുമ്പു വരെ, ഇന്ത്യയിൽ ഭൂതല ഫോണിനുള്ള വെയിറ്റിങ്ങ് ലിസ്റ്റ് ലക്ഷങ്ങളായിരുന്നു. എന്നാൽ മൊബൈൽ ഫോണിന്റെ കാലത്ത് കാര്യങ്ങൾ തകിടം മറിഞ്ഞിരിക്കുന്നു. ഇന്ന് നിരവധി ഫോൺ കമ്പനിക്കാർ വരിക്കാരെ തങ്ങളുടെ വലയത്തിലേക്ക് ആകർഷിക്കാൻ മത്സരിച്ചു കൊണ്ടിരിക്കുകയാണ്. ആരെ ഒഴിവാക്കാം എന്നതുവിട്ട് ആരെയൊക്കെ, എങ്ങനെയൊക്കെ, എന്തൊക്കെ പ്രലോഭനങ്ങൾ നൽകി ഒരു ഫോണുടമയാക്കാം എന്നതാണ് ഇന്നത്തെ അവരുടെ ലക്ഷ്യം.

(അവലംബം : മൊബൈൽ ജീവിതത്തിന്റെ രണ്ടാംപതിറ്റാണ്ട്-സി. എസ്. വെങ്കിടേശ്വരൻ)

21. മൊബൈൽ ഫോണിന്റെ കണ്ടുപിടിത്തത്തെപ്പറ്റി റോബിൻ ജെഫ്രി അഭിപ്രായപ്പെട്ടതെന്ത് ?

22. റേഡിയോ, ടെലിവിഷൻ തുടങ്ങിയവ കേന്ദ്രീകൃതമായി നിയന്ത്രിക്കപ്പെടുന്നതിനു കാരണമെന്ത് ?

23. ഭൂതല ഫോണിന്റെയും മൊബൈൽ ഫോണിന്റെയും പ്രചാരത്തിൽ പ്രകടമായ വ്യത്യസ്തത എന്ത് ?

**24 മുതൽ 25 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 1 എണ്ണത്തിന് ഒന്നരപ്പുറത്തിൽ കവിയാതെ ഉത്തരമെഴുതുക. (8 സ്കോർ)** **(1 × 8 = 8)**

24. "തലമുറകൾ പരസ്പരം അറിയാനുള്ള ശ്രമം, വ്യക്തിയുടെ വേരുകൾ തേടിയുള്ള യാത്ര, വിപണിയുടെ യാഥാർത്ഥ്യങ്ങൾ എന്നിങ്ങനെ വ്യത്യസ്ത വ്യാഖ്യാന സാധ്യതകൾ പുലർത്തുന്ന കഥയാണ് 'അവകാശങ്ങളുടെ പ്രശ്നം' " – ഈ പ്രസ്താവനയുടെ വെളിച്ചത്തിൽ 'അവകാശങ്ങളുടെ പ്രശ്നം' എന്ന കഥക്ക് ആസ്വാദനം തയ്യാറാക്കുക.

25. " 'അഗ്നിവർണ്ണന്റെ കാലുകളി'ലെ പ്രമേയവും കഥാപാത്രങ്ങളും സമകാലിക സാമൂഹ്യ വ്യവസ്ഥിതിയുടെ പരിച്ഛേദം തന്നെയാണ് " – കേവലരാമൻ, വിദൂഷകൻ, കൊത്തുവാൾ എന്നി കഥാപാത്രങ്ങളെ വിശകലനം ചെയ്ത് ഈ അഭിപ്രായത്തിന്റെ സാധുത പരിശോധിക്കുക.

---